# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.11/770/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-18, 1-19 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.11/770/2021 തീയ്യതി: 30/09/2021

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി.ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 11-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 11-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.മായ കൃഷ്ണൻ, ഓഡിറ്റർ
ശ്രീ.ഡെന്നീസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി കെ രാജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ എ കെ രാജൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ കൃഷ്ണപ്രിയ കെ ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ സൗമ്യാ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ രാഹുൽ രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ സജീവ് പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ കെ പി വിജയൻ | അസിസ്റ്റന്റ് എൻജിനീയർ | 01-03-2019 | 09-01-2020 |
| ശ്രീ ടി യു ഏലിയാസ് | അസിസ്റ്റന്റ് എൻജിനീയർ | 10-01-2020 | 31-03-2020 |
| ശ്രീമതി ബീന എൻ കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ബൈജു കെ. | വെറ്ററിനറി സർജൻ | 01-04-2019 | 27-07-2019 |
| ഡോ. മനു മോഹൻ | വെറ്ററിനറി സർജൻ | 28-07-2019 | 31-03-2020 |
| ശ്രീമതി ജോസ്ന ജോസ് | കൃഷി ഓഫീസർ | 01-04-2019 | 26-11-2019 |
| ശ്രീ. സജി കെ. എ. | കൃഷി ഓഫീസർ | 27-11-2019 | 31-03-2020 |
| ശ്രീ. ശശീന്ദ്രൻ കെ. എൻ | വി.ഇ.ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 15-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Benny Mathew (Auditor, On 09-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-6 |
| 7 | ക്ഷേമ പെൻഷൻ വിശദാംശങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 17-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 11-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 15-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 17-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 18-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-11 |
| 12 | മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ റേഷൻ കടകൾ - ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 16-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-12 |
| 13 | ഈ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-13 |
| 14 | കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷിക്ക് സബ്സിഡി - പദ്ധതി നടത്തിപ്പിൽ അപാകതകൾ<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-14 |
| 15 | നെൽകൃഷിക്ക് സബ്സിഡി - അപാകതകൾ<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-15 |
| 16 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-16 |
| 17 | കർഷകർക്ക് ഡോളോമൈറ്റ് വിതരണം - അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തി<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-17 |
| 18 | എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-18 |
| 19 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-19 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 3-1 |
| 2 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 3-2 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ മുൻകൂർ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: T.S.Dhanajayan (Audit Officer, On 16-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: T.S.Dhanajayan (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 10-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 26-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 01/28.01.2019 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 02.02.2019 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/ തീയതി | 28.02.2019 |
| പ്രതീക്ഷിത വരവ് | ₹38,62,37,135 |
| പ്രതീക്ഷിത ചെലവ് | ₹38,45,16,300 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുംപ്രകാരം സമയക്ലിപ്തത പാലിക്കാൻ ശ്രമം നടന്നിട്ടുണ്ട്. എന്നാൽ പ്രതീക്ഷിത വരവ്-ചെലവ് തുകകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. പർവതീകരിച്ച തുകകൾക്ക് പകരം യാഥാർത്ഥ്യത്തോട് ചേർന്നു പോകുന്ന തുകകൾ ഉൾപ്പെടുത്തി ബജറ്റ് യുക്തിസഹമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.06.2020 | -- | -- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,09,93,431.59 |
| വരവ് | ₹11,09,65,268.00 |
| ആകെ | ₹13,19,58,699.59 |
| ചെലവ് | ₹11,07,26,184.00 |
| നീക്കിയിരിപ്പ് | ₹2,12,32,515.59 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് /ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | | 23238000 | 23238000 | 15815738 | 7422262 |
| | എസ്.സി.പി | | 2286754 | 2286754 | 1544987 | 741767 |
| | റ്റി.എസ്.പി | | 1620177 | 1620177 | 1080119 | 540058 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | | 13941437 | 13941437 | 3976627 | 9964810 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | | 6103000 | 6103000 | 3992398 | 2110602 |
| | റോഡ് | | 27862000 | 27862000 | 14797678 | 13064322 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 56802 | 2408541 | 2465343 | 2447880 | 17463 |
| | തൊഴിലാളികളുടെ കൂലി&മെറ്റീരിയൽ | 0 | 24000000 | 24000000 | 24000000 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 1223000 | 1223000 | 1223000 | 0 |
| | ഐ.സി.ഡി.എസ് | 816300 | 791188 | 1607488 | 1470633 | 136855 |
| | ടോട്ടൽ സാനിറ്റേഷൻ | 25000 | 0 | 25000 | 0 | 25000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 1647628 | 197000 | 1844628 | 727577 | 1117051 |
| | ജലനിധി | 427658 | 4222063 | 4649721 | 4127346 | 522375 |
| | ടോട്ടൽ സാനിറ്റേഷൻ-പലിശ | 14148 | 0 | 14148 | 0 | 14148 |
| | ലൈഫ് ഭവനപദ്ധതി | 274071 | 0 | 274071 | 274071 | 0 |
| | എം.എൽ.എ.ഫണ്ട് | 799235 | 343245 | 1142480 | 799235 | 343245 |
| | എം.എൽ.എ.ഫണ്ട് - രാജമുടി VFPCK | 400000 | 0 | 400000 | 0 | 400000 |
| | സാക്ഷരത | 1186 | 36 | 1222 | 20 | 1202 |
| | സ്കൂൾ ശുചിമുറി നിർമ്മാണ ഫണ്ട് | 399235 | 0 | 399235 | 0 | 399235 |
| | എം.എൻ. ലക്ഷംവീട് | 207773 | 6230 | 214003 | 0 | 214003 |
| | കേരളോത്സവം | 20000 | 20000 | 40000 | 0 | 40000 |
| | വിമുക്തി | 20000 | 0 | 20000 | 0 | 20000 |
| മറ്റ് ഫണ്ടുകൾ | ലൈഫ് ഭവനപദ്ധതി | 1250000 | 14796952 | 16046952 | 13913652 | 2133300 |
| | നല്ല അംഗൻവാടിക്കുള്ള അവാർഡ് | 10000 | 0 | 10000 | 0 | 10000 |
| | മറ്റ് ഗ്രാന്റുകൾ (320100299) | 360036 | 0 | 360036 | 59536 | 300500 |

| | | | | | | |
|---|---|---|---|---|---|---|
| | മറ്റ് ഗ്രാന്റുകൾ (320400199) | 59536 | 0 | 59536 | 0 | 59536 |

സർക്കാർ ഉത്തരവ് പദ്ധതികളുടെ കുറയ്ക്കലുകൾ എ.സി.ആർ-ൽ പ്രതിഫലിക്കുന്നില്ലാത്തതിനാൽ ജനറൽ, റ്റി.എസ്.പി. പദ്ധതികളുടെ ചെലവ് സുലേഖ പത്രിക പ്രകാരമുള്ളതാണ് ചേർത്തിരിക്കുന്നത്.

ടോട്ടൽ സാനിറ്റേഷൻ - പലിശ, എം. എൽ. എ. ഫണ്ട് - രാജമുടി VFPCK, സ്കൂൾ ശുചിമുറി നിർമ്മാണ ഫണ്ട്, മറ്റ് ഗ്രാന്റുകൾ (320400199) എന്നിവയ്ക്ക് ഷെഡ്യൂൾ ബി-4-ൽ പ്രാരംഭ ബാക്കിയുള്ളതിനാൽ അവ ചേർത്തിട്ടുണ്ട്.

മുൻവർഷം ബഡ്സ് സ്കൂൾ നിർമ്മാണം എന്ന് ചേർത്തിരിക്കുന്നത് യഥാർത്ഥത്തിൽ ലൈഫ് ഭവന പദ്ധതിയുടെ അക്കൗണ്ടാണ് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 4298217 | 8 | 894891 | 1 | 20.82 |
| വെറ്ററിനറി സർജൻ | 3 | 1042200 | 3 | 889200 | 0 | 85.32 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 1326000 | 1 | 338190 | 2 | 25.50 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 300000 | 1 | 300000 | 0 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 500000 | 1 | 500000 | 0 | 100 |
| വി.ഇ.ഒ-1 | 10 | 53150547 | 10 | 40390409 | 0 | 75.99 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 6405313 | 5 | 4039493 | 1 | 63.06 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 3785786 | 2 | 1161537 | 0 | 30.68 |
| സെക്രട്ടറി | 24 | 19953928 | 21 | 12591686 | 3 | 63.10 |
| വി.ഇ.ഒ- 2 | 1 | 319990 | 0 | 0 | 1 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 71160338 | 71 | 24779662 | 49 | 34.82 |
| അസി. സെക്രട്ടറി | 4 | 1177941 | 3 | 772436 | 1 | 65.57 |
| ആകെ | 184 | 163420260 | 126 | 86657504 | 58 | |

184 പദ്ധതികൾക്കായി ₹16,34,20,260/- വകയിരുത്തിയിരുന്നുവെങ്കിലും 126 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹8,66,57,504/- മാത്രമാണ് ചെലവ്).

2018-19-ലെ പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവ മൂലം സംസ്ഥാന സർക്കാരിനുണ്ടായ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തെയും സാരമായി ബാധിച്ചു. വർഷാവസാനം ഭൂരിപക്ഷം വരുന്ന പ്രോജക്ടുകളും പൂർത്തീകരിച്ചുവെങ്കിലും ഫണ്ടിന്റെ ലഭ്യതയിലുണ്ടായ കുറവ് നിമിത്തം ട്രഷറിയിൽ നിന്ന് തുക പിൻവലിക്കാനാകാതെ ക്യൂ ബില്ലുകളിൽ ഉൾപ്പെട്ടു. അപ്രകാരം പദ്ധതി ചെലവിൽ ഗണ്യമായ കുറവ് കണക്കുകളിൽ പ്രതിഫലിച്ചു. ടി ബില്ലുകൾ 2020-21-ൽ പിൻവലിച്ച് യഥാവിധി വിതരണം ചെയ്തിട്ടുണ്ട്.

പൊതുവിഭാഗത്തിലെ പ്രോജക്ടുകളിൽ 71 ശതമാനവും പ്രത്യേക ഘടക പദ്ധതിയിൽ 75 ശതമാനവും പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ 78 ശതമാനവും നടപ്പാക്കിയിട്ടുണ്ട്. തൻവർഷം വിഭാവനം ചെയ്ത 120-ൽ 71 പദ്ധതികൾ മാത്രമാണ് അസി. എഞ്ചിനീയർ നടപ്പാക്കിയത്. ചെലവ് ശതമാനം കേവലം 34.8 മാത്രമാണ്.

2019-20 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനുപകരം മുൻ വർഷങ്ങളിൽ ചെയ്തുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലും ഉണ്ടാകുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

2019 ജനുവരിയിൽ തന്നെ 2019-20 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 56802 | 2408541 | 2465343 | 2447880 | 17463 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 24000000 | 24000000 | 24000000 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 1223000 | 1223000 | 1223000 | 0 |

## 1-7 ക്ഷേമ പെൻഷൻ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1764000 | 290 |
| വാർദ്ധക്യകാല പെൻഷൻ | 11095500 | 1777 |
| വികലാംഗ പെൻഷൻ | 1897000 | 335 |
| അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 105600 | 18 |
| വിധവാ പെൻഷൻ | 5328600 | 910 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ചെക്ക് ഉൾപ്പെടെ ₹20,640/-(ഇരുപതിനായിരത്തി അറുന്നൂറ്റി നാൽപ്പത് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.
3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.
4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.
5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.
6. തനത് വരുമാനം

അടിസ്ഥാന വസ്തുനികതി നിരക്ക് ₹3/- മാത്രമാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് മൂലം പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെ കൃത്യത അറിയാൻ കഴിയാതെ വരികയും ആയത് പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുകയും ചെയ്യുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്ന് വന്നിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.03.2021 | 06/2020-2/2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.08.2009 മുതൽ 26.08.2009 വരെ | 2004-05 മുതൽ 2008-09 വരെ | 24.09.2009 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1 | ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | Balance Sheet-ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ ഇല്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |
| 4 | ബി-9 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ₹92,613/- ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല. |
| 5 | (I) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.<br>(II) വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 6 | വാർഷിക കണക്കിൽ, ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നായിനത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹10,57,838/-യാണ്. ആയത് ക്രമീകരിക്കേണ്ടതാണ്. |
| 7 | വസ്തു നികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. |

| ഇനം | വാർഷിക കണക്കുകൾ പ്രകാരം **വർഷാവസാനം ലഭിക്കാനുള്ളത് ₹** | സഞ്ചയ പ്രകാരം **വർഷാവസാനം ലഭിക്കാനുള്ളത് ₹** |
|---|---|---|
| Arrears | 638991 | 294166 |
| | | |

| | |
|---|---|
| | Current \| 1233975 \| 624681 |
| 8 | ബി-15 ഷെഡ്യൂളിൽ മാർക്കറ്റ് റെസീപ്റ്റ്സ് ഇനത്തിൽ തൻവർഷ ഇകയായി ₹5,94,631/- അധികം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതിന്റെ സാംഗത്യം വ്യക്തമല്ല. |
| 9 | കടിശ്ശിക ഇകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. |
| 10 | വാർഷിക കണക്കിൽ B-14 Stock In Hand ഇനത്തിൽ ₹4,477/- ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല |
| 11 | എം. എൻ. ലക്ഷംവീട് പദ്ധതിയിൽ ഇക ബാക്കിനിൽക്കുന്നതായി ബി-17ൽ കാണുന്നു. പ്രസ്തുത ഇക ബാദ്ധ്യതയായി ബി-4-ൽ കാണിച്ചിട്ടില്ല. |
| 12 | അഡ്വാൻസ് രജിസ്റ്റർ ഇല്ലാത്തതിനാൽ ഷെഡ്യൂൾ ബി-18-ലെ ഇകകളുടെ കൃത്യത പരിശോധിക്കാനായില്ല. |

1-11-1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകത

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ ഇനങ്ങളുടെ യഥാർത്ഥ വരവ്, ചെലവ്, നീക്കിയിരിപ്പ് ഇകകളുമായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ഇകകൾ പൊരുത്തപ്പെടുന്നില്ല.

ഉദാ.- റ്റി.എസ്.പി., റോഡ്, സ്റ്റേറ്റ് സ്കീം, സെൻട്രൽ സ്കീം.

## 1-12 മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ റേഷൻ കടകൾ - ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകി തൊഴിൽ നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാർഡ് നം. X, 526A-യിലുള്ള റേഷൻ കടയൊഴികെയുള്ള മറ്റ് റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽ നികുതി ഈടാക്കുവാനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. പഞ്ചായത്തിലെ 18 വാർഡുകളിലായുള്ള മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഈ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 42 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ഇകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ ഇകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2019-20 | 42 | 106972 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത ഇക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷിക്ക് സബ്സിഡി - പദ്ധതി നടത്തിപ്പിൽ അപാകതകൾ

| പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ ഇക ₹ | ചെലവ് ഇക ₹ | ബിൽ നം./തീയതി |
|---|---|---|---|---|
| 15 | കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷിക്ക് സബ്സിഡി | 1880000 | 1183000 | ₹1,05,000/- (191012520102016l5862/26.03.2020)<br>₹15,000/- (191012520102016l5863/26.03.2020)<br>₹2,85,000/- (191012520102016l5861/26.03.2020)<br>₹2,45,000/- (1910125201020l363607/27.02.2020)<br>₹2,28,000/- (19101252010201158031/28.01.2020)<br>₹3,05,000/- (19101252010201418926/06.03.2020) |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷിക്ക് സബ്സിഡി പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു. മേൽ പദ്ധതി പ്രകാരം കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ, കൃഷി മോണിട്ടറിങ്ങ് സമിതിയിലെ അംഗങ്ങളോ പരിശോധന നടത്തിയിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾ പച്ചക്കറി കൃഷി നടത്തിയ സ്ഥലവിസ്തൃതി, ഇനം എന്നിവ സംബന്ധിച്ച യാതൊരു രേഖയുമില്ലാതെ അപേക്ഷ സമർപ്പിച്ച എല്ലാ ഗുണഭോക്താക്കൾക്കും പ്രോജക്ട് പ്രകാരം അനുവദിക്കാവുന്ന പരമാവധി ഇകയായ ₹5,000/- വീതം നൽകിയിരിക്കുന്നു. സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ഒരു ഹെക്ടറിന് പരമാവധി ₹17,000/- വരെ കൊടുക്കാവുന്ന പദ്ധതിയിൽ രജിസ്ട്രേഷൻ ഉള്ള എല്ലാ എസ്.എച്ച്.ജി.-കൾക്കും ആനുകൂല്യം നൽകിയിരിക്കുന്നത് പ്രോൽസാഹനജനകമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/12.08.2021-ന് ജീവനക്കാരുടെ അഭാവം നിമിത്തമാണ് കൃഷി സ്ഥലം സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ നടത്താത്തത് എന്ന മറുപടി തൃപ്തികരമല്ലാത്തതും നിരുത്തരവാദിത്വപരവും ആണ്. കൃഷി ചെയ്തതായുള്ള രേഖകളില്ലാതെ വിതരണം ചെയ്ത ആനുകൂല്യം ₹11,83,000/- തടസ്സപ്പെടുത്തുന്നു.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹2,43,000/- മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനും വിശദീകരണം ഹാജരാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതി ചെലവ് സംബന്ധിച്ച രേഖകൾ കൃത്യമായി വർഷം തിരിച്ച് സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 നെൽകൃഷിക്ക് സബ്സിഡി - അപാകതകൾ

2019-20-ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നെൽകൃഷിക്ക് സബ്സിഡി പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ ഇക ₹ | ചെലവ് ₹ | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | 8 | നെൽകൃഷിക്ക് സബ്സിഡി | 296480 | 130444 വികസനഫണ്ട് (സാധാരണ വിഹിതം) | ₹35,577/- (19101252010201283156/15.02.2020)<br>₹592/- (19101252010201418938/06-03-2020)<br>₹88,938/- (19101252010201418933/06-03-2020) |

ഭൂവിസ്തൃതിയ്ക്ക് ആനുപാതികമായി 1 ഹെക്ടറിന് പരമാവധി ₹17,000/- വരെയാണ് ആനുകൂല്യം നൽകേണ്ടത്. വിള ഇൻഷ്വറൻസ് ഇക മുൻകൂറായി കർഷകൻ അടയ്ക്കണം. എന്നാൽ കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ, ഫീൽഡ് സ്റ്റാഫുകളോ പരിശോധന നടത്തിയിട്ടില്ല. കൃഷി നടത്തിയ സ്ഥലത്തിന്റെ വിസ്തൃതി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച്

സാക്ഷ്യപ്പെടുത്താതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. വിള ഇൻഷ്വറൻസ് നടത്തിയതായ രേഖകളും ലഭ്യമല്ല. ഇക്കാരണങ്ങളാൽ പദ്ധതി നടത്തിപ്പിനായി ചെലവാക്കിയ ₹1,30,444/- തടസ്സപ്പെടുത്തുന്നു.

1-16 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതുന്നില്ല. തനതുഫണ്ട് ഉപയോഗിച്ച് നിരവധി വാങ്ങലുകൾ നടത്തുന്നുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് കൃത്യമായി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ബിൽ നം./തുക | വാങ്ങിയ സാധനങ്ങൾ | റിമാർക്സ് |
|---|---|---|
| 21900733/10-01-2020 ₹16,739/- | സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസ് | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 21900736/17-01-2020 ₹3,892/- | സ്റ്റേഷനറി | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല |

സ്റ്റോക്ക് രജിസ്റ്ററുകൾ യഥാവിധി എഴുതി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 കർഷകർക്ക് ഡോളോമൈറ്റ് വിതരണം - അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തി

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കർഷകർക്ക് ഡോളോമൈറ്റ് വിതരണം എന്ന പദ്ധതിയിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

| നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക ₹ | ചെലവ് ₹ | തുക/ബിൽ നം./തീയതി |
|---|---|---|---|---|
| 125 | കർഷകർക്ക് ഡോളോമൈറ്റ് വിതരണം | 313050 | 260850 വികസന ഫണ്ട് (സാധാരണ വിഹിതം) | ₹80,000/- (19101252010200035304/05.04.2019)<br>₹12,250/- (19101252010200035307/05-04-19)<br>₹88,600/- (19101252010200035306/05.04.2019)<br>₹80,000/- (19101252010200035305/05.04.2019) |

കർഷകർക്ക് ഡോളോമൈറ്റ് വിതരണം പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുമാണ് ഡോളോമൈറ്റ് വിതരണത്തിനായി വാങ്ങിയിരിക്കുന്നത്. 18-12-2019-ലെ സർക്കാർ ഉത്തരവ് (സാധാ)നം.2881/ത.സ്വ.ഭ.വ പ്രകാരം KAICO സ്വന്തമായി ഉത്പാദിപ്പിക്കുന്ന യന്ത്രങ്ങളും സാധന സാമഗ്രികളും മാത്രമാണ് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളത് എന്നിരിക്കെ, ടെണ്ടർ കൂടാതെയാണ് ഡോളോമൈറ്റ് വാങ്ങിയിരിക്കുന്നത്. കർഷകരിൽ നിന്നും ടി പദ്ധതിയ്ക്കായി 25% ഗുണഭോക്തൃവിഹിതം ഈടാക്കി ചെലവഴിച്ചിരിക്കുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/12.08.2021-ന് മറുപടി ഹാജരാക്കിയില്ല. അപാകതകൾ പരിഹരിച്ച് വ്യക്തമായി മറുപടി ഹാജരാക്കുന്നത് വരെ പദ്ധതി ചെലവായ ₹2,60,850/- തടസ്സപ്പെടുത്തുന്നു.

1-18 എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| അടങ്കൽ | ₹2,77,941/- |
| ഫണ്ടിനം | വികസന ഫണ്ട് (ടി.എസ്.പി.) |
| പ്രോജക്റ്റ് നം. | 1) 30/20<br>2) 31/20 |
| ബിൽ റഫറൻസ് നം./തുക | 1)19101252013501135443/24.01.2020 ₹1,13,515/-<br>2)19101252013501135437/24.01.2020 ₹1,58,921/- |

മേൽ ബില്ലുകൾ പ്രകാരം 12 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി കേരള സംസ്ഥാന ഐ.ടി. മിഷന് ആകെ ₹2,72,436/- നൽകിയിരിക്കുന്നു. LENOVO കമ്പനിയുടെ RV-200105004379/30.08.2020 ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തിരിക്കുന്ന 5 കമ്പ്യൂട്ടറുകൾക്ക് ₹21,830/- നിരക്കിൽ ആകെ വില നികുതികൾ ഉൾപ്പെടെ ₹1,09,150/-മാത്രമാണ്. എന്നാൽ ക്രമ നം. 1 പ്രകാരം ₹1,13,515/- നൽകിയിട്ടുണ്ട്. അധികം നൽകിയ ₹4,365/- തിരികെ ലഭിച്ചിട്ടില്ല.

ക്രമ നം. 2 പ്രകാരമുള്ള ബില്ലിന് 7 കമ്പ്യൂട്ടറുകളുടെ വില RV-200105004346/30.08.2020 പ്രകാരം ₹1,52,810/-ആണ്. എന്നാൽ ₹1,58,921/- നല്കിയിട്ടുണ്ട്. അധികം നൽകിയ ₹6,111/- തിരികെ ലഭിച്ചില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/11.08.20-ന് ലഭിച്ച മറുപടിയിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരിക്കുന്നു. തുക തിരികെ ലഭിച്ചിട്ടില്ലാത്തതിനാൽ ₹10,476/-ന്റെ ചെലവ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 165/20 |
| അടങ്കൽ | ₹2,00,000/- (വികസന ഫണ്ട് – പൊതുവിഭാഗം) |
| ബിൽ റഫറൻസ് നം./തുക | 19101252012901094247/17.01.20 ₹1,83,549/- |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള ഈ പദ്ധതി യിൽ മേൽ ബില്ല് പ്രകാരം കേരള സംസ്ഥാന ഐ.ടി. മിഷന് ₹1,83,549/- നൽകിയിരിക്കുന്നു. 5 കമ്പ്യൂട്ടറുകളും 3 പ്രിന്ററുകളും 2 യു.പി.എസുകളും വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് HP Acer കമ്പനിയുടെ J9p4B48619/25.11.2020 നമ്പർ Tax Invoice പ്രകാരം HP Desktop Pro. A G3MT A32200G 4GB/1TB എന്ന സ്പെസിഫിക്കേഷനിലുള്ള 5 കമ്പ്യൂട്ടറുകളും HP V203p Monitor India RMN HSTND-9191-LECLIPSE 5 സ്പെസിഫിക്കേഷനിലുള്ള മോണിട്ടറുകളുടെയും വില ₹14,2,426/- മാത്രമാണ്. 3 പ്രിന്ററുകളും 2 യു.പി.എസുകളും ലഭിച്ചിട്ടില്ല.

അധികം നൽകിയിരിക്കുന്ന ₹41,123/- തിരികെ ഈടാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ സാധനങ്ങൾ വിതരണം നടത്തിയതിന്റെ വിവരം ലഭ്യമല്ല. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/11.08.2021-ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹41,123/- തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| അടങ്കൽ | ₹2,77,941/- |
| ഫണ്ടിനം | വികസന ഫണ്ട് (ടി.എസ്.പി.) |
| പ്രോജക്റ്റ് നം. | 1) 30/20<br>2) 31/20 |
| ബിൽ റഫറൻസ് നം./തുക | 1)19101252013501135443/24.01.2020 ₹1,13,515/-<br>2)19101252013501135437/24.01.20 ₹1,58,921/- |

മേൽ ബില്ലുകൾ പ്രകാരം 12 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി കേരള സംസ്ഥാന ഐ.ടി. മിഷന് ആകെ ₹2,72,436/- നൽകിയിരിക്കുന്നു. LENOVO കമ്പനിയുടെ RV-200105004379/30.08.2020 ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തിരിക്കുന്ന 5 കമ്പ്യൂട്ടറുകൾക്ക് ₹21,830/- നിരക്കിൽ ആകെ വില നികുതികൾ ഉൾപ്പെടെ ₹1,09,150/-മാത്രമാണ്. എന്നാൽ ക്രമ നം. 1 പ്രകാരം ₹1,13,515/- നൽകിയിട്ടുണ്ട്. അധികം നൽകിയ ₹4,365/- തിരികെ ലഭിച്ചിട്ടില്ല.

ക്രമ നം. 2 പ്രകാരമുള്ള ബില്ലിന് 7 കമ്പ്യൂട്ടറുകളുടെ വില RV-200105004346/30.08.2020 പ്രകാരം ₹1,52,810/-ആണ്. എന്നാൽ ₹1,58,921/- നല്കിയിട്ടുണ്ട്. അധികം നൽകിയ ₹6,111/- തിരികെ ലഭിച്ചില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/11.08.20-ന് ലഭിച്ച മറുപടിയിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരിക്കുന്നു. തുക തിരികെ ലഭിച്ചിട്ടില്ലാത്തതിനാൽ ₹10,476/-ന്റെ ചെലവ് അംഗീകരിക്കുന്നില്ല.

### 3-2 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നം | 165/20 |
| ബിൽ റഫറൻസ് നം./തുക | 19101252012901094247/17.01.20 ₹1,83,549/- |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള ഈ പദ്ധതിയിൽ മേൽ ബില്ല് പ്രകാരം കേരള സംസ്ഥാന ഐ.ടി. മിഷന് ₹1,83,549/- നൽകിയിരിക്കുന്നു. 5 കമ്പ്യൂട്ടറുകളും 3 പ്രിന്ററുകളും 2 യു.പി.എസുകളും വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

HP Acer കമ്പനിയുടെ J9p4B48619/25.11.2020 നമ്പർ Tax Invoice പ്രകാരം HP Desktop Pro A G3MT A32200G 4GB/1TB എന്ന സ്പെസിഫിക്കേഷനിലുള്ള 5 കമ്പ്യൂട്ടറുകളും HP V203p Monitor India RMN HSTND-9191-LECLIPSE 5 സ്പെസിഫിക്കേഷനിലുള്ള മോണിട്ടറുകളുടെയും വില ₹1,42,426/- മാത്രമാണ്. 3 പ്രിന്ററുകളും 2 യു.പി.എസുകളും ലഭിച്ചിട്ടില്ല.

അധികം നൽകിയിരിക്കുന്ന ₹41,123/- തിരികെ ഈടാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ സാധനങ്ങൾ വിതരണം നടത്തിയതിന്റെ വിവരം ലഭ്യമല്ല. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/11.08.2021-ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹41,123/-തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | -- |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3103893 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 3103893 | 0 |
| | 166600 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 166600 | 0 |
| | 443300 | ലൈഫ് ഭവന പദ്ധതി(ടി.എസ്.പി)സ്പിൽ ഓവർ | 443300 | 0 |
| | 640000 | ലൈഫ് ഭവന പദ്ധതി(ടി.എസ്.പി) | 640000 | 0 |
| | 350000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക ₹ | ചെല വഴിച്ച തുക ₹ | ചെലവഴി ക്കാൻ ബാക്കി ₹ |
|---|---|---|---|---|---|
| കേരള സംസ്ഥാന ഐ.ടി. മിഷൻ | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 19101252012901094247 തീ.17.01.20 | 183549 | 0 | 183549 |

### 4-4 മൊബിലൈസേഷൻ മുൻകൂർ വിവരം

നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

സ്ഥാപനത്തിന് തൻവർഷം വായ്പയിനത്തിൽ ₹1,90,30,715/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം ലഭിച്ച | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ബാക്കി യുണ്ടായിരുന്ന തുക ₹ | തുക ₹ | മുതൽ | പലിശ | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | സ.ഉ(സാധാ) നം.1577/15/ ത.സ്വ.ഭ.വ തീ. 27.07.2015 | 20550000 | 14766126 | 0 | 2280000 | 726127 | 12486126 |
| കെ.യു.ആർ. ഡി.എഫ്.സി.– ലൈഫ് ഭവന പദ്ധതി | | | 17891285 | 19030715 | 1441177 | 0 | 35480823 |
| കെ.യു.ആർ. ഡി.എഫ്.സി.– ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ.(സാധാ) നം.1284/04/ ത.സ്വ.ഭ.വ. തീ. 29.04.2015 | 19666731 | 17152639 | 0 | 4473537 | 1557021 | 12679102 |

ലോൺ രജിസ്റ്റർ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. ഷോപ്പിംഗ് ലോൺ അനുവദിച്ച് ലോൺ ₹2,40,00,000/- ആണെങ്കിലും വായ്പയെടുത്ത തുക ₹1,96,66,731/- മാത്രമാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | ₹50,00,000 |
| ആകെതുക | ₹50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹50,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | നിക്ഷേപിച്ച സ്ഥാപനത്തിന്റെപേര് | നിക്ഷേപിച്ച തുക ₹ | കാലയളവ് | റിമാർക്സ് |
|---|---|---|---|---|
| 1 | മുരിക്കാശ്ശേരി സർവ്വീസ് സഹകരണബാങ്ക് | 5000000 | 24.05.19-23.05.20 | -- |

## 4-7 ഓഡിറ്റ് റിക്കവറി

-- ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ | ലഭ്യമാക്കിയിട്ടില്ല |
| 2003-04 | 3-6 3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2015-16 | 2-2 | 2015-16 | അനുബന്ധം 4 പേജ് 180 | വസ്തു നികുതി അപാകതകൾ | ലഭ്യമാക്കിയിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ ₹ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്സ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 2008-09 | 2-3 | സി. സുധാകരൻ | എൽ.എഫ്.23456/ സ്പെ.സെൽ/ സി. എസ്.സി./സി1/ 12/26.05.2015 | 117500 | - | ഇല്ല | - | - | - | 117500 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | ഈ തുക പഞ്ചായത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1998-99 | 24 | സെക്രട്ടറി | എൽ.എഫ്. 13409/Spl/ Cell/(SC)02 12.09.2009 | 2981 | | ഇല്ല | | | | | 2981 | |
| 2 | 1998-99 | 27, 29 | ശ്രീമതി. ടി. എൻ. സുബൈദ സെക്രട്ടറി | എൽ.എഫ്. 13409/Spl/ Cell/(SC)02 12.09.2009 | 7595 | | | | | | | 7595 | |
| 3 | 2000-01 | 29(3) | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 21921/ സ്പെ. സെൽ എസ്.സി.2004. തീ.03.12.2005 | 9552 | | | | | | | 9552 | |
| 4 | 2000-01 | 27 | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 17465/ സ്പെ. സെൽ എസ്.സി.2/2008 തീ.09.06.2009 | 8680 | | | | | | | 8680 | |
| 5 | 2007-08 | 3.13 | ഡോ. ബിനോദ് പി. ജി. വെറ്റി. സർജൻ | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 4800 | | | | | | | 4800 | |
| 6 | 2007-08 | 2.7 | ശ്രീ. ഡി. സുധാകരൻ സെക്രട്ടറി | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 3500 | | | | | | | 3500 | |
| 7 | 1997-98 | 21 | ശ്രീ. കെ. എൻ. അശോകൻ സെക്രട്ടറി | എൽ.എഫ്.- 20430/ സ്പെ.സെൽ/ എസ്.സി.1/2001 Dt.13.12.2001 | 2000 | | | | | | | 2000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,09,65,268 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,07,26,184 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹51,599 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,74,294 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10476 | ശ്രീ സജീവ് പി. പി., അസി. സെക്രട്ടറി |
| 3-2 | | 41123 | ശ്രീ എ. കെ. രാജൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1183000 | ശ്രീ സജി കെ. എ, കൃഷി ഓഫീസർ |
| 1-15 | 130444 | ശ്രീ സജി കെ. എ, കൃഷി ഓഫീസർ |
| 1-17 | 260850 | ശ്രീ സജി കെ. എ, കൃഷി ഓഫീസർ |
| ആകെ | 15,74,294 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- ഇല്ല --

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സജി കെ. എ.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കല്ലൂർക്കാട് | കൊട്ടൻകല്ലിൽ<br>തലക്കോട് പി. ഒ,<br>പുത്തൻകരിശ് |
| ശ്രീ സജീവ് പി. പി.<br>അസി. സെക്രട്ടറി | അസി സെക്രട്ടറി<br>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | പറങ്കിമാലിൽ<br>പതിനാറാംകണ്ടം |
| ശ്രീ എ. കെ. രാജൻ<br>സെക്രട്ടറി | വിരമിച്ചു | ആദിയാരാ<br>കിഴക്കുംമുറി പി. ഒ.<br>പെരിങ്ങോട്ടുകര<br>തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ | |
|---|---|---|---|
| | | എണ്ണം | നം. |
| 1997-98 | LFI-13/745/18തീ.26.06.18 | 2 | 21, 35 |
| 1998-99 | LFI-13/745/18തീ.26.06.18 | 3 | 24, 27, 29 |
| 1999-00 | LFI-13/745/18തീ.26.06.18 | 1 | 27 |
| 2000-01 | LFI-13/745/18തീ.26.06.18 | 3 | 27, 28, 29(B) |
| 2001-02 | LFI-13/745/18തീ.26.06.18 | 1 | 2-5(B) |
| 2002-03 | LFI-13/745/18തീ.26.06.18 | 1 | 3 – 5 |
| 2003-04 | LFI-13/745/18 തീ.26.06.18 | 2 | 2-5, 2-7 |
| 2005-06 | LFI-13/745/18 തീ.26.06.18 | 2 | 3-6, 3-7 |
| 2006-07 | LFI-10/1027/09/തീ.03.11.09 | 11 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | LFI-13/389/11/തീ. 11.10.11 | 26 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2008-09 | LFI-13/437/12/തീ.25.09.12 | 29 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15,3-16, 3-17, 3-18, 3-19, 3-20 |
| 2009-10 | LFI-13/566/11/തീ.13.03.12 | 24 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |

| | | | |
|---|---|---|---|
| 2010-11 | LFI-13/1446/ 15 തീ.13.05.16 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2011-12 | LFI-13/1158/ 14 തീ.31.12.14 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2012-13 | KSA-IDK-13/801/15 തീ.04.04.16 | 24 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2013-14 | KSA-IDK-13/187/15 തീ.09.05.16 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2014-15 | KSA-IDK-13/1141/16/തീ.04.02.17 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2015-16 | KSA-IDK-13/440/17 തീ.18.04.17 | 9 | 1-12, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK-13/1269/17 തീ.20.02.18 | 23 | 1-12, 2-1, 2-2, 2-3, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17 |
| 2017-18 | KSA.IDK-13/1224/18/10.12.2018 | 8 | 2-1, 2-2, 3-1, 3-2, 3-4, 3-5, 3-7, 3-9 |
| 2018-19 | KSA.IDK-13/985/19/3.01.2020 | 20 | 1-12 മുതൽ 1-30 വരെ 3-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്